LIBRARY ARCHIVES Kerala Legislative Assembly

വനമേഖലയിൽ തൊഴിലുറപ്പ് പദ്ധതി

131 (4484) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി-മച്ചാട് വനം റേഞ്ചിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി എത്ര പ്രവൃത്തികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) വനമേഖലയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാൻ ഈ പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ടാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര പ്രവൃത്തികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വടക്കാഞ്ചേരി റെയിഞ്ചിൽ ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതിയുടെ ഭാഗമായി 2010-11 വർഷത്തിൽ 4 പ്രവൃത്തികൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മച്ചാട് റെയിഞ്ചിൽ പ്രവൃത്തികൾ ഒന്നും നടത്തുവാൻ തീരുമാനിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി)

1. കടങ്ങോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട്, 2008 കടങ്ങോട് പൾപ്പ് വുഡ് തോട്ടത്തിന്റെ 3-ാം വർഷ പരിചരണം.

2. വേലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് 2008 തയ്യൂർ പൾപ്പ് വുഡ് തോട്ടത്തിന്റെ 3-ാം വർഷ പരിചരണം.

3. വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട്, 2008 കോനാത്തകുന്ന് പൾപ്പ് വുഡ് തോട്ടത്തിന്റെ 3-ാം വർഷ പരിചരണം.

4. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട്, 2008 നെല്ലുവായ് പൾപ്പ് വുഡ് തോട്ടത്തിന്റെ 3-ാം വർഷ പരിചരണം.

(ഡി) മേൽ പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

തടിയധിഷ്ഠിത വ്യവസായത്തിന് എൻ.ഒ.സി. കിട്ടുന്നതിന് കാലതാമസം ഒഴിവാക്കാൻ നടപടി

132 (4485) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട തടിയധിഷ്ഠിത വ്യവസായ യൂണിറ്റിന് ലൈസൻസ് നൽകാൻവേണ്ടി 2008-09, 2009-10 വർഷത്തിൽ എത്ര അപേക്ഷകളുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ;